## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2794** **13-12-2022 - ൽ മറുപടിയ്ക്ക്**

## കശുവണ്ടി തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളും മിനിമം വേതനവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2021-22 സാമ്പത്തിക വർഷത്തിൽ സർക്കാർ മേഖലയിലെ കശുവണ്ടി ഫാക്ടറികളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തിൽ സർക്കാർ മേഖലയിലെ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ തൊഴിലാളികൾക്ക് 97 തൊഴിൽ ദിനങ്ങളും കാപ്പക്സ് 179 തൊഴിൽദിനങ്ങളും നൽകിയിട്ടുണ്ട്. |
| (ബി) | കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം എത്രയാണെന്ന് വിശദമാക്കാമോ? | (ബി) | കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം ചുവടെ ചേർക്കുന്നു.<br><br>**1.പീസ് റേറ്റുകാരുടെ നിരക്ക്**<br><br>1)ഷെല്ലിംഗ് (തല്ല്/കട്ടിംഗ്): പുറന്തോട് കളഞ്ഞെടുത്ത ഒരു കിലോ മുഴുവൻ പരിപ്പിന്-36.19 രൂപ<br><br>2) പീലിംഗ് (തൊലിയെടുപ്പ്) : പുറന്തോട് കളഞ്ഞ് പരിപ്പ് തൊലി നീക്കി എടുക്കുന്നതിന് ഒരു കിലോ മുഴുവൻ പരിപ്പിന്- 46.03 രൂപ<br><br>3) പീലിംഗ് (തല്ലപൊടി) : തൊലി നീക്കി വേർ തിരിച്ചെടുത്ത ഒരു കിലോ പരിപ്പിന് -31.63 രൂപ<br><br>**2. ദിവസ ശമ്പളക്കാരുടെ കൂലി** |

| ക്രമ നം. | വിഭാഗം | അടിസ്ഥാ വേതനം |
|---|---|---|
| 1 | ഗ്രേഡർ | 285.00 |
| 2 | ടിൻ ഫില്ലർ | 291.75 |
| 3 | മൈക്കാട് (പൊടിയെടുപ്പ്, തൊലിപ്പാറ്റ്, കേടെടുപ്പ്, പരിപ്പ് ഇടഞ്ഞു വാരൽ) | 291.75 |
| 4 | സ്റ്റെൻസിലർ | 312.00 |
| 5 | മൈക്കാട് ജനറൽ | 312.00 |
| 6 | ചുമട്ടുതൊഴിലാളി (കയറ്റിറക്ക്) | 345.75 |
| 7 | ഫയർമാൻ | 345.75 |
| 8 | സോക്കിംഗ് & സൈസിംഗ് വർക്കർ | 312.00 |

| | | | | | |
|---|---|---|---|---|---|
| | | | 9 | ഓയിൽ എക്സ്ട്രാക്റ്റർ /ഓയിൽ എക്സ്പെല്ലർ | 379.50 |
| | | | 10 | ആശാരി | 379.50 |
| | | | 11 | കൊല്ലൻ | 379.50 |
| | | | 12 | മെക്കാനിക്ക് | 379.50 |
| | | | 13 | ലാപ് ചെക്കർ | 291.75 |
| | | | അടിസ്ഥാന ശമ്പളത്തിന് പുറമെ ഇവർക്ക് പ്രതിദിനം 67.44 രൂപ ക്ഷാമബത്തയിനത്തിലും ലഭിക്കുന്നുണ്ട്. | | |

സെക്ഷൻ ഓഫീസർ